**15 -ാം കേരള നിയമസഭ**

**6 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 936** **29-08-2022 - ൽ മറുപടിയ്ക്ക്**

**പട്ടികജാതി പട്ടികവർഗ്ഗ വികസനക്ഷേമ കോർപ്പറേഷൻ മുഖേനയുള്ള ധനസഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വികസനക്ഷേമ കോർപ്പറേഷൻ മുഖേന സംരംഭങ്ങൾ ആരംഭിക്കുവാനാവശ്യമായ ധനസഹായം നൽകുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന സംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ ധനസഹായം നൽകുന്നതിന്റെ യോഗ്യതാ മാനദണ്ഡങ്ങൾ താഴെപ്പറയുന്നവയാണ്.<br><br>(1) അപേക്ഷകർ പട്ടികജാതി പട്ടികവർഗ്ഗത്തിൽപ്പെട്ടവർ ആയിരിക്കണം.<br><br>(2) അപേക്ഷകരുടെ പ്രായം 18 വയസ്സിനും 55 വയസ്സിനും ഇടയിൽ ആയിരിക്കണം.<br><br>(3) **കുടുംബ വാർഷിക വരുമാന പരിധി**<br><br>(എ) അപേക്ഷകരുടെ കുടുംബ വാർഷിക വരുമാന പരിധി കോർപ്പറേഷന്റെ സ്വന്തം ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളിൽ പൊതുവായി 3.50 ലക്ഷം രൂപയാണ്. എന്നാൽ 5 ലക്ഷത്തിന് മുകളിൽ വായ്പ നൽകുന്ന മൾട്ടി പർപ്പസ് യൂണിറ്റ് ലോൺ പദ്ധതി, പ്രവാസി പുനരധിവാസ വായ്പാ പദ്ധതി എന്നിവയിൽ വായ്പാ തുക 5 ലക്ഷം രൂപ മുതൽ 10 ലക്ഷം രൂപ വരെയാണെങ്കിൽ കുടുംബ വാർഷിക വരുമാന പരിധി 10 ലക്ഷം രൂപയും, വായ്പാ തുക 10 ലക്ഷത്തിന് മുകളിൽ വരികയാണെങ്കിൽ കുടുംബ വാർഷിക വരുമാന പരിധി 15 ലക്ഷം രൂപയുമാണ്. ഇതു കൂടാതെ സ്റ്റാർട്ട് അപ് സംരംഭകർക്കുള്ള വായ്പാ പദ്ധതിയുടെ കുടുംബവാർഷിക വരുമാന പരിധി 25 ലക്ഷം രൂപയാണ്.<br><br>(ബി) ദേശീയ ധനകാര്യ സ്ഥാപനങ്ങളായ എൻ.എസ്.എഫ്.ഡി.സി, എൻ.എസ്.ടി.എഫ്.ഡി.സി. എന്നിവയുടെ പദ്ധതികളിൽ അപേക്ഷിക്കുന്നതിനുള്ള കുടുംബ വാർഷിക വരുമാന പരിധി 3 ലക്ഷം രൂപയാണ്. |

| | | | |
|---|---|---|---|
| | | | (4) അപേക്ഷകൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭത്തെ കുറിച്ചുള്ള വ്യക്തവും വിശദവുമായ പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പിച്ചിരിക്കണം.<br><br>(5) അപേക്ഷകൻ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന സംരംഭം വിജയ സാധ്യതയുള്ളതായിരിക്കണം. സംരംഭകന് പ്രസ്തുത മേഖലയിൽ ആവശ്യമായ വൈദഗ്ദ്ധ്യവും പ്രവൃത്തി പരിചയവും ഉണ്ടായിരിക്കണം.<br><br>(6) അപേക്ഷകൻ വായ്പയ്ക്ക് കോർപ്പറേഷന്റെ ജാമ്യ വ്യവസ്ഥകൾ പ്രകാരം ആവശ്യമായ ജാമ്യം നൽകേണ്ടതാണ്. |
| (ബി) | തിരുവനന്തപുരം, ആലപ്പുഴ ജില്ലാ ഓഫീസുകൾ മുഖേന ഈ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് സംരംഭങ്ങൾ ആരംഭിക്കുവാൻ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) | തിരുവനന്തപുരം, ആലപ്പുഴ ജില്ലാ ഓഫീസുകൾ മുഖേന ഈ സർക്കാരിന്റെ കാലത്ത് (2021 മെയ് മുതൽ) സംരംഭങ്ങൾ ആരംഭിക്കുവാൻ വിവിധ പദ്ധതികൾ വഴി നൽകിയിട്ടുള്ള വായ്പാ തുക ചുവടെ ചേർക്കുന്നു.<br><br>**ജില്ല വായ്പയായി നൽകിയ തുക** (രൂപ ലക്ഷത്തിൽ)<br><br>തിരുവനന്തപുരം 965.70<br><br>ആലപ്പുഴ 340.25 |
| (സി) | ധനസഹായത്തിന് ലഭിക്കുന്ന അപേക്ഷകളിൽ സംരംഭകർ സമർപ്പിക്കുന്ന പ്രോജക്റ്റിന് ആനുപാതികമായ തുക നൽകുന്നതിൽ കാലതാമസം നേരിടുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) | അപേക്ഷകർ വായ്പ നൽകാൻ ആവശ്യമായ രേഖകൾ ജാമ്യ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് യഥാസമയം ഹാജരാക്കുന്നുവെങ്കിൽ വായ്പ നൽകുന്നതിൽ സാധാരണ കാലതാമസം ഉണ്ടാകുന്നില്ല. എന്നാൽ വായ്പാ തുക 10ലക്ഷം രൂപ കവിയുന്ന പ്രോജക്റ്റുകളിൽ അപേക്ഷകനുമായി കൂടിക്കാഴ്ച നടത്തി കോർപ്പറേഷന്റെ ഭരണസമിതിയുടെ അംഗീകാരത്തോടു കൂടി മാത്രമേ വായ്പ നൽകാൻ കഴിയുകയുള്ളൂ. ഭരണസമിതിയോഗം കൂടുന്നത് നിശ്ചിത സമയങ്ങളിൽ ആയതിനാൽ ഇപ്രകാരം ലഭിക്കുന്ന അപേക്ഷകളിൽ വായ്പ അനുവദിക്കുന്നതിന് ചെറിയ കാലതാമസം നേരിടുന്നതാണ്. |

സെക്ഷൻ ഓഫീസർ